# സെക്കണ്ടറി വിദ്യാലയങ്ങളിലെ
# മാർഗ്ഗദർശന പരിപാടി

SIE

ഗൈഡൻസ് വിഭാഗം
സ്റ്റേററ് ഇൻസ്ററിററ്യൂട്ട് ആഫ് എഡ്യൂക്കേഷൻ
വിദ്യാഭ്യാസവകുപ്പ്
കേരളം
1970

# സെക്കണ്ടറി വിദ്യാലയങ്ങളിലെ
# മാർഗ്ഗദർശനപരിപാടി

(റേഡിയോപ്രഭാഷണം)

SIE

ഗൈഡൻസ് വിഭാഗം,
സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് അഫ് എഡ്യൂക്കേഷൻ,
വിദ്യാഭ്യാസവകുപ്പ്
കേരളം
1969

സെക്കണ്ടറി വിദ്യാലയങ്ങളിലെ മാർഗ്ഗദർശനപരിപാടി

(റേഡിയോ പ്രഭാഷണം)

ശ്രീ. എം. രാധാകൃഷ്ണൻനായർ, കൗൺസലർ,
സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ,
കേരളം

By courtesy, All India Radio, Trivandrum.

# സെക്കണ്ടറി വിദ്യാലയങ്ങളിലെ മാർഗ്ഗദർശന പരിപാടി

വിദ്യാഭ്യാസവും മാർഗ്ഗദർശനവും പരമാർത്ഥത്തിൽ ഒന്നുതന്നെ. വിദ്യാഭ്യാസംതന്നെ ഒരുതരം മാർഗ്ഗദർശനമാണല്ലോ. എന്നാൽ പിന്നെ ഈ മാർഗ്ഗദർശനപരിപാടിയുടെ പ്രത്യേകതയെന്ത് എന്നു ചോദിച്ചേക്കാം. അതെന്തെന്ന് ഏകദേശം പ്രതിപാദിക്കാം.

ഇന്ന് പള്ളിക്കൂടത്തിൽ പോകുന്ന കുട്ടികളുടെയെല്ലാം കൺമുൻപിൽ ഉള്ള ഒരേ ഒരു കാര്യം പരീക്ഷമാത്രമാണ്. അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെയും ശ്രദ്ധ പരീക്ഷയിൽ മാത്രമാണ്. ഇതിൽ തെററെന്നു പറഞ്ഞുകൂടാ. കാരണം, പഠിച്ചതും പഠിപ്പിച്ചതും ഫലിച്ചോയെന്ന് പരിശോധിച്ച് വിലയിരുത്തേണ്ടത് ഇരുകൂട്ടർക്കും ആവശ്യംതന്നെ. പക്ഷെ, പരീക്ഷ ഒരിക്കലും പരമമായ ഒരു ലക്ഷ്യമല്ല. അങ്ങേയററം അതൊരു ചവിട്ടുപടിമാത്രം. ഒന്നുകിൽ ഉപരിവിദ്യാഭ്യാസം അല്ലെങ്കിൽ ഒരു ജീവിതവൃത്തി അതാണ് അടുത്തപടി അതിനെക്കുറിച്ചുകൂടി ചിന്തിക്കുവാൻ അവസരം നൽകുന്ന ഒന്നാണ് ഇന്ന് നമ്മുടെ സെക്കണ്ടറി വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിവരുന്ന മാർഗ്ഗദർശനപരിപാടി.

വിദ്യാർത്ഥികൾക്ക് മാർഗ്ഗദർശനം ആവശ്യമായ രംഗങ്ങൾ പലതുണ്ട്. അതിൽ അത്യന്തം പ്രധാനമായ ഒന്ന് എടുത്തുകാട്ടിയെന്നുമാത്രം. പലപല രംഗങ്ങളിലായി എത്രയെത്ര പ്രശ്നങ്ങളാണ് നമ്മുടെ വിദ്യാർത്ഥികൾക്കിന്നഭിമുഖീകരിക്കേണ്ടിവരുന്നത്? പഠിത്തക്കാര്യത്തിലും ജോലിക്കാര്യത്തിലും മാത്രമല്ല അനുദിന ജീവിതത്തിലെ സാമൂഹ്യബന്ധങ്ങളിൽത്തന്നെയും, പലതരം വിഷമതകൾകൊണ്ടുവലയുന്ന എത്രയോ കുട്ടികളുണ്ട്? കുട്ടികളുടെ പ്രശ്നങ്ങൾ പലതാണ് വ്യത്യസ്തങ്ങളാണ്. ചില പ്രശ്നങ്ങൾ സരളങ്ങളാവാം. പക്ഷേ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും കുറവല്ല. ഓരോ കുട്ടിയുടെയും പ്രശ്ന ഓരോന്നാണ്. പറയത്തക്ക പ്രശ്നങ്ങളൊന്നുമില്ലാത്തവരും ഉള്ള പ്രശ്നങ്ങൾ കാണാത്തവരും കണ്ടാലും കണ

ക്കാറാക്കാത്തവരുമൊക്കെ കണ്ടേക്കാം. പക്ഷെ നമ്മെ അന്നന്നഭിമുഖീ
കരിക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ഭാവിയിൽ പൊന്തി
വരാനിടയുള്ള പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് അവയെ നേരിടാൻ
ആവുംവിധം തയ്യാറാവുകയും ചെയ്യുകയാണ് വിവേകലക്ഷണം.
വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുവാനുള്ള ഒററ
മൂലികം ആരുടെയും കൈവശമില്ല. തങ്ങളുടെ പ്രശ്നങ്ങളെന്തെ
ന്ന് വ്യക്തവും സൂക്ഷ്മവുമായി മനസ്സിലാക്കുവാനും അവയെ നേരിടു
വാൻ അവരവരുടെ കഴിവുകളെല്ലാം പ്രയോജനപ്പെടുത്തുവാനും
വിദ്യാർത്ഥിയെ സഹായിക്കുക മാത്രമാണ് മാർഗ്ഗദർശന പരിപാടി
യുടെ ലക്ഷ്യം. പ്രശ്നം വ്യക്തിയുടേതാണ് പ്രതിവിധിയും വ്യ
ക്തിയുടെ തന്നെയാവണം. ആരും ഒന്നും ആജ്ഞാപിക്കേണ്ട കാര്യ
മില്ല, നിർദ്ദേശിക്കേണ്ട ആവശ്യമില്ല, ഉപദേശിക്കുകപോലുംവേ
ണ്ട, ഇരുളടഞ്ഞ വ്യക്തിത്വത്തിലേയ്ക്കും ഇരുണ്ട വളഞ്ഞ ജീവിത
പന്ഥാക്കളിലേയ്ക്കും വെളിച്ചം വീശിക്കൊടുക്കുക മാത്രംമതി. അതാ
ണ് ഒരു മാർഗ്ഗദർശകന്റെ കർത്തവ്യം.

പ്രശ്നങ്ങൾ പലതാണെന്നു പറഞ്ഞു. സാമാന്യമായി പറ
ഞ്ഞാൽ ഇവയെ മൂന്നായി തിരിക്കാം. വ്യക്തിയും സമൂഹവുമായുള്ള
ബന്ധത്തിൽ ഉളവാകുന്ന പ്രശ്നങ്ങൾ ഒന്നാമത്തെ ഇനം. ഉദാഹര
ണമായി കൂട്ടുകാരുമായി പൊരുത്തപ്പെടുവാൻ വിഷമമുള്ള കുട്ടിക
ളെനോക്കുക. ഇക്കൂട്ടത്തിൽ മുട്ടാളന്മാരും, നാണംകുണുങ്ങികളും മററു
പലതരക്കാരും കാണും. ഒരുകൂട്ടർ കൂട്ടരുമായി കുതറിമാറുന്നവരാണെ
ങ്കിൽ മറെറാരുകൂട്ടർ അദ്ധ്യാപകരുമായോ രക്ഷിതാക്കളുമായോ ഏററു
മുട്ടുന്നവരാവും. സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന സമകാല സാമൂ
ഹ്യജീവിതത്തിൽ ഇങ്ങനെയുള്ള വ്യക്തിപരമായ പ്രശ്നങ്ങൾ
വർദ്ധിച്ചു വരുന്നതായി കാണാം. ഇവയെ സമർത്ഥമായി കൈകാ
ര്യം ചെയ്യുവാൻ ഒരു മാർഗ്ഗദർശകന് കഴിയണം. പ്രശ്നവിദ്യാർ
ത്ഥികളെയല്ല, വിദ്യാർത്ഥി പ്രശ്നങ്ങളെയാണ് കൈകാര്യം ചെ
യ്യേണ്ടതെന്ന് അയാൾ ഓർമ്മിക്കണം. വിദഗ്ദ്ധചികിത്സാവിധേ
യങ്ങളാകേണ്ട മാനസിക പ്രശ്നങ്ങൾ അയാളുടെ പരിധിയിൽ
പെടുന്നില്ല. താരതമ്യേന ലഘുവായ പ്രശ്നങ്ങൾ മാത്രമാണ്
അയാൾ പരിഗണിക്കേണ്ടത്. അവ പരിഹരിക്കുവാൻ പ്രസക്ത

കക്ഷികളുടെയെല്ലാം സർവ്വവിധ സഹകരണങ്ങളും തേടുവാനും നേടുവാനും അയാൾ ശ്രമിക്കണം. വിദ്യാർത്ഥികൾ മാത്രമല്ല അദ്ധ്യാപകരും രക്ഷിതാക്കളുമെല്ലാം സഹകരിച്ചെങ്കിൽ മാത്രമേ ഈദൃശ പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരം കണ്ടെത്തുവാൻ സാധിക്കൂ.

പഠനം സംബന്ധിച്ച പ്രശ്നങ്ങളാണ് മറെറാരിനം. മടിയന്മാരും മന്ദന്മാരുമില്ലാത്ത വിദ്യാലയങ്ങളില്ലല്ലോ. കഴിവിനൊത്ത് പഠിക്കാൻ കൂട്ടാക്കാത്ത കുട്ടികളുണ്ട്, കൊക്കിൽ കൊള്ളാത്തതു് കൊത്തി വിഴുങ്ങാൻ നോക്കുന്നവരുമുണ്ട്. എല്ലാ കുട്ടികളുടെയും ബുദ്ധിയും അഭിരുചിയും ഒന്നുപോലെയല്ല. ഒരേ കുട്ടിക്ക് തന്നെയും ഓരോ കാര്യങ്ങളിൽ ഓരോതരത്തിലാണ് കഴിവ്. മാത്രവുമല്ല മുന്നറിവും അനുഭവപരിചയവും പരിശീലനക്രമങ്ങളും പഠന സൗകര്യങ്ങളുമെല്ലാം ഓരോ കുട്ടിക്കും ഓരോ തരത്തിലാണ്. മാർഗ്ഗദർശനത്തിൻെറയെന്നല്ല വിദ്യാഭ്യാസത്തിൻെറതന്നെയും അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ് വ്യക്തി വ്യത്യാസമെന്ന ഈ വസ്തുത. കുട്ടികളേവരും അവരവരുടെ കഴിവും കഴിവുകേടും ഉള്ളപോലെ മനസ്സിലാക്കി അവരവർക്കാവുംവിധം പഠിച്ച് മുന്നേറ്റു പോകണം. അതിന് സഹായിക്കുകയാണ് മാർഗ്ഗദർശകൻെറ ചുമതല. ഏതുവിഷയത്തിലാണ് ഒരു കുട്ടിക്ക് ഏററവുമധിക പോരായ്ക എന്താണതിനു കാരണം, എങ്ങനെയതു പരിഹരിക്കാം, എത്രമാത്രം പരിഹരിക്കാനാവും എന്നെല്ലാം മനസ്സിലാക്കുവാൻ സാധിക്കണം, ബുദ്ധിപരീക്ഷകളും മററും ഇക്കാര്യത്തിൽ ആവശ്യമായ വരും. അതിനു സൗകര്യമില്ലാത്ത സാഹചര്യങ്ങളിൽ സാധാരണ പരീക്ഷകളെ ആശ്രയിക്കുകയേ സാധിക്കൂ. വിദ്യാർത്ഥിയുടെ എല്ലാ ഭാവങ്ങളെയും ശ്രദ്ധയോടെ നിരീക്ഷിച്ച് അനുക്രമം രേഖപ്പെടുത്തി സൂക്ഷിക്കുന്ന വിദ്യാഭ്യാസ രേഖകൾ ഈ വിഷയത്തിൽ വളരെ സഹായകമാണ്.

ഭാവിജീവിതവൃത്തിയെക്കുറിച്ചും അതിനുവേണ്ട ഉപരിപരിശീലനത്തെ പററിയും വിദ്യാലയത്തിൽവച്ച് തന്നെ ചിട്ടയായി ചിന്തിച്ചു് തുടങ്ങേണ്ടതുണ്ട്. ഇക്കാര്യത്തിലുളവാകുന്ന പ്രശ്ന

ങ്ങളാണ് മൂന്നാമത്തെ ഇനത്തിൽപ്പെടുന്നത്. കുട്ടികൾക്ക് അവരവരെക്കുറിച്ചുള്ള അറിവു തന്നെ പരിമിതമാണ്. അതിലേറെ പരിമിതമാണ് വിശാലവും വൈവിധ്യപൂർണ്ണവും പ്രശ്നബഹുലവുമായ പ്രവൃത്തിലോകത്തെ സംബന്ധിച്ച് അവർക്കുള്ള ജ്ഞാനം. രക്ഷിതാക്കളാകട്ടെ ബഹുഭൂരിപക്ഷം രണ്ടിലും ഒരുപോലെ അജ്ഞരാണ്. അല്ലെങ്കിൽ ഉദാസീനരാണ്, എന്തെങ്കിലുമൊരു നല്ല ജോലി കിട്ടണമെന്നതിൽ കവിഞ്ഞൊരു താല്പര്യം അവർക്കൊന്നുമില്ല. പക്ഷെ എവിടെയെങ്കിലുമൊഴുകി നടന്ന് തടഞ്ഞും പിടഞ്ഞും എങ്ങനെയെങ്കിലും ഒരു ജോലിയിൽ ചെന്ന് വീഴുകയും അവിടെക്കിടന്ന് കുഴഞ്ഞ് കൈയ്യും കാലുമിട്ടടിക്കുകയും ചെയ്യുന്നതിൽ ഭേദം കരുതലോടെ ആസൂത്രണം ചെയ്ത ഒരു പാതയിലൂടെ മുന്നോട്ട് നീങ്ങുവാൻ ശ്രമിക്കുകയാണ്. പദ്ധതിയും പരിപാടിയുമെല്ലാം പരാജയമടഞ്ഞെന്നുവരാം, ഒരു പരിപാടിയുമില്ലാതെയുള്ള പരക്കംപാച്ചിലിനെക്കാൾ എത്രയോ ഭേദമാണ് വേണ്ട കൈമുതലും കരുതി ദിക്ക് നോക്കി വഴികണ്ട് ബോധപൂർവ്വം മുന്നോട്ടുപോകുന്നത്. അങ്ങനെയുള്ളൊരു ജീവിതയാത്ര തീർച്ചയായും കൂടുതൽ സുകരവും സുഖകരവുമാവും. ഉദ്യോഗസമ്പാദനം വെറുമൊരു കൺകെട്ടിക്കളിയല്ലെന്ന് നാമോർമ്മിക്കണം.

മുകളിൽ സൂചിപ്പിച്ചതൊന്നും നിസ്സാരങ്ങളായ പ്രശ്നങ്ങളല്ലെന്ന് ഏവരും സമ്മതിക്കും. ഈ പ്രശ്നങ്ങൾ സ്വയം കൈകാര്യം ചെയ്യുവാനുള്ള പക്വത വന്നവരല്ല വിദ്യാർത്ഥികൾ. അവരെ സഹായിക്കുവാനാരുണ്ട്? സാധാരണ രക്ഷിതാക്കൾക്ക് ഇക്കാര്യത്തിൽ എന്ത് ചെയ്യുവാൻ കഴിയും? സാധാരണയായി അദ്ധ്യാപകർ ഇക്കാര്യത്തിൽ വല്ലതും ചെയ്യാറുണ്ടോ? ഈ പ്രശ്നങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്യുവാൻ വിദ്യാർത്ഥികളെ സഹായിക്കുവാൻ വേണ്ട വ്യവസ്ഥയെന്തെങ്കിലും നമ്മുടെ വിദ്യാലയവ്യവസ്ഥിതിയിലുണ്ടോ? ഇല്ല എന്നതുമാത്രമാണ് ഉത്തരം. ഈ വിടവ് നികത്തുവാനുള്ള ഒരെളിയ ശ്രമമാണ് ഇന്ന് സെക്കണ്ടറി വിദ്യാലയങ്ങളിലേർപ്പെടുത്തിവരുന്ന മാർഗ്ഗദർശനപരിപാടി.

സമഗ്രമായ ഒരു മാർഗ്ഗദർശനപരിപാടി ഏർപ്പെടുത്തുവാനുള്ള സൗകര്യങ്ങൾ ഇന്ന് നമുക്കില്ല. വേണ്ടത്ര പരിശീലനം

സിദ്ധിച്ച പ്രവർത്തകർ കുറവ്, രാഷ്ട്രീയമായ ബുദ്ധിപരിശോധനങ്ങ ള്ള കരുക്കൾ കുറവ്, വേണ്ടത്ര പ്രവർത്തകരെ നിയോഗിക്കുവാനും വേണ്ടകരുക്കളെല്ലാം തയ്യാറാക്കുവാനും ആവശ്യമായ സാമ്പത്തി കശേഷിയും കുറവ് അതുകൊണ്ട് തികച്ചും പരിമിതവും ലഘുവും സരളവുമായ ഒരു പരിപാടി ആണ് ഇന്ന് നടപ്പിലാക്കിവരു ന്നത്. ഏററവും യോഗ്യരായ അദ്ധ്യാപകരെ തെരഞ്ഞെടുത്ത് അവർക്ക് അവശ്യം ആവശ്യമായ പരിശീലനം നിഷ്കൃഷ്ടമായി നൽകി ഇന്നത്തെ പരിമിതമായ സാഹചര്യങ്ങൾക്കുള്ളിൽ ഒതു ങ്ങി നിന്നിട്ടാണെങ്കിൽപോലും വിദ്യാർത്ഥികൾക്ക് അങ്ങേയററം പ്രയോജനകരമായ വിധം നടപ്പാക്കാവുന്ന ഒരു പരിപാടിയാ ണിത്. പരിപാടിയുടെ ഏകദേശരൂപംകൂടി അല്പം വിശദമാക്കാം.

നാം നടപ്പാക്കുന്ന മാർഗ്ഗദർശനപരിപാടിയുടെ പ്രധാനലക്ഷ്യം ജീവിതവൃത്തി ദർശനമാണ്. ജീവിതവൃത്തിക്ക് ഈ പരിപാടി യിൽ കേന്ദ്രസ്ഥാനം നല്കുവാൻ പല കാരണങ്ങളുണ്ട്. ഒരുവൻെറ ജീവിതത്തിലെ സുഖദുഃഖങ്ങൾ നിർണ്ണയിക്കുന്നതിൽ അതിപ്ര ധാനമായ പങ്കുവഹിക്കുന്ന ഒന്നാണ് അവൻെറ ജീവിതവൃത്തി. എന്തെങ്കിലും ജോലികിട്ടിയാൽ മാത്രമേ ഒരുവനു് ഉപജീവിക്കു വാനാവൂ കുറെ സൂക്ഷ്മമായി നോക്കിയാൽ ജോലിയെന്നതു് ഒരു പജീവനമാർഗ്ഗം മാത്രമല്ലെന്നും മനസ്സിലാക്കാം; അതൊരുജീവി തസമ്പ്രദായം കൂടിയാണ്, സമുദായത്തിൽ നമുക്കുള്ളസ്ഥാനം ഏ റെക്കുറെ നമ്മുടെ ജീവിതവൃത്തിയെ ആശ്രയിച്ചാണിരിക്കുന്നതു്. നമ്മുടെ ദിനചര്യയും കൂട്ടുകെട്ടുകളെല്ലാം നിർണ്ണയിക്കുന്നതിൽ അ തിപ്രധാനമായ ഒരു പങ്കതിനുണ്ട്. എന്നിരുന്നാലും അധികം പേരും ഭാവിജീവിതവൃത്തി തിരഞ്ഞെടുക്കുന്നതു് എത്ര അലംഭാവ ത്തോടെയാണെന്നു് നോക്കുക. ദീർഘദർശനവും സൂക്ഷ്മദർശനവും ആവശ്യമായ ഈക്കാര്യത്തിൽ ഇന്നു് നാം കാണുന്നതു് അനാസ്ഥ യും ഉദാസീനതയുമാണ്. ഇതു് മാറണം, മാററണം.

ജീവിതവൃത്തി കണ്ടെത്തുകയെന്നതു് പരമപ്രധാനമായ ഒരു കാര്യം ആണ്. അതേസമയം അത്യന്തം സങ്കീർണ്ണവും ദുർഘടവു മായ ഒരു പ്രശ്നവുമാണതു്. സാമ്പത്തികപരാധീനതയും സമൂ

ഹ്യസമ്മർദ്ദവും അജ്ഞതയും. അനാസ്ഥയും എല്ലാംകൂടിക്കഴിഞ്ഞു് ഇത്രസങ്കീർണ്ണമായിത്തീരുന്ന മറെറാരു പ്രശ്നമില്ലെന്നു് പറയാം. ജോലികിട്ടുവാൻ വിഷമം. ജോലികളെക്കുറിച്ചു് യഥാകാലം വിവരം കിട്ടുവാൻ വിഷമം. പ്രവൃത്തിലോകത്തിൻെറ വൈപുല്യവും വൈചിത്ര്യവും അനന്തം. എണ്ണമററ ജോലികൾ. പലതരം ജോലികൾ. ഓരോന്നിൻെറയും രീതി ഓരോന്നു് ശമ്പളം വ്യത്യസ്തം. യോഗ്യതവ്യത്യസ്തം. ഏതു് ജോലി ആർക്കു യോജിക്കും എന്നു് മനസ്സിലാക്കുവാൻ വിഷമം. ഒരുവനു് വേണ്ടതൊന്നു് കിട്ടുന്നതു് മറെറാന്നു്. അവൻെറ അഭിപ്രായം ഒരുവിധം. രക്ഷിതാക്കളുടെ ആഗ്രഹം മറെറാരുവിധം. അദ്ധ്യാപകരുടെ ഉപദേശം പിന്നൊരു വിധം. ഒന്നും വയ്യാത്ത ഒരുനില എന്തു് ചെയ്യണമെന്നറിയില്ല. എന്തെങ്കിലുമാവട്ടെയെന്നുവച്ചു് ഏതെങ്കിലുമൊന്നിൽ കയറിക്കൂടിയാൽ പിന്നീടൊരുമാററം വിഷമം. പകുതി വഴി ചെന്നശേഷം മടങ്ങിവന്നു് വണ്ടിമാറികേറുക കഷ്ടംതന്നെ വഴിതെററിയെന്നറിഞ്ഞതിനുശേഷവും തുടരുകയെന്നതു് കഷ്ടതരം. ഇങ്ങനെപരുങ്ങുന്ന വിദ്യാർത്ഥിലോകത്തിനു് ഈ ജീവിതവൃത്തിയെത്തന്നെ അടിസ്ഥാനമാക്കിയുള്ള മാർഗ്ഗദർശനപരിപാടി ഒരനുഗ്രഹമായിരിക്കും, വാസ്തവത്തിൽ, വ്യക്തികൾക്കുമാത്രമല്ല സമുദായത്തിനുതന്നെയും ഒരനുഗ്രഹമാണു് ഈ പരിപാടി. എന്തെന്നാൽ ഓരോരംഗങ്ങളിൽ അനർഹരായവർ കയറിക്കൂടിയാൽ അവർക്കുമാത്രമല്ലല്ലോ വിഷമം. സമുദായത്തിനു് ഒരുഭാരവും, രാഷ്ട്രത്തിൻെറ സുഗമമായ പുരോഗതിക്കു് ഒരു വിലങ്ങുതടിയുമാവും.

മുൻപു് സൂചിപ്പിച്ചതുപോലെ പരിമിതമായ ഒരു പരിപാടി മാത്രമാണു് ഇപ്പോൾ ഏർപ്പെടുത്തി വരുന്നതു്. വിദ്യാർത്ഥികൾക്കു് പ്രവൃത്തിലോകത്തെ സംബന്ധിച്ചു് വിശദവും വസ്തുനിഷ്ഠവുമായ ഒരറിവു് ഉണ്ടാക്കിക്കൊടുക്കുകയാണു് ഈ പരിപാടിയുടെ പ്രമുഖമായ ഉദ്ദേശം. അതോടൊപ്പം എല്ലാവിദ്യാർത്ഥികൾക്കും അവരവരുടെ ഗുണദോഷങ്ങളെ വേണ്ടവിധം വിലയിരുത്തി സ്വയം മനസ്സിലാക്കുവാൻ സഹായിക്കുകകൂടി ആവശ്യമായി വരുന്നു. എങ്കിൽമാത്രമല്ലേ അവരവർക്കു് ഏററവും അനുഗുണമായ ജീവിതവൃത്തിയേതെന്നു് ഓരോരുത്തർക്കും ചിന്തിക്കുവാനാവൂ.

മാർഗ്ഗദർശനപരിപാടി പൂർണ്ണവും പരമാവധി സഫലവുമാകണമെങ്കിൽ ഓരോ കുട്ടിയേയും പ്രത്യേകം പ്രത്യേകംതന്നെ കൈകാര്യം ചെയ്യണം. ആയിരക്കണക്കിന് വിദ്യാർത്ഥികളുള്ള നമ്മുടെ വിദ്യാലയങ്ങളിൽ ഇതു് സാധിത പ്രായമാകണമെങ്കിൽ പരശതം പ്രവർത്തകർ വേണം, സാന്ദ്രവും സമഗ്രവുമായ പരിശീലനം സിദ്ധിച്ച പ്രവർത്തകർ വേണം. ഇതു് ഇന്നു് എളുപ്പമല്ല, അതുകൊണ്ടു് മൂന്നാഴ്ചത്തെ പരിശീലനം നേടിയ ഓരോ കരിയർ മാസ്റ്റർമാരെ എല്ലാ സെക്കണ്ടറിവിദ്യാലയങ്ങളിലും നിയോഗിക്കുവാനാണു് ഇപ്പോഴം ഉദ്ദേശം: ഇതു്തന്നെയും സാധിച്ചുകഴിഞ്ഞിട്ടില്ല.

സ്റ്റേറ്റ് ഇൻസ്റ്റിററ്യൂട്ടിലെ ഗൈഡൻസ് വിഭാഗം ഇതിനകം 800 കരിയർമാസ്റ്റർ മാർക്കു് വിദ്യാലയങ്ങളിൽ ഈ പരിപാടി പ്രായോഗികമാക്കുവാൻ വേണ്ട പരിശീലനം നല്കിക്കഴിഞ്ഞിട്ടുണ്ടു്. അടുത്തവർഷംകൊണ്ടു് ബാക്കിനില്ക്കുന്ന നാന്നൂറോളം സെക്കണ്ടറി വിദ്യാലയങ്ങൾക്കു് വേണ്ട കരിയർ മാസ്റ്റർമാരെ പരിശീലിപ്പിക്കുവാൻ സാധിക്കുമെന്നാണു് പ്രതീക്ഷ. അതുകൂടി കഴിഞ്ഞാൽ പിന്നീടു് ആവശ്യമനുസരിച്ചു് വിദ്യാലയങ്ങളിൽ രണ്ടോ അതിൽ കൂടുതലോ കരിയർമാസ്റ്റർമാരെ നിയോഗിക്കുവാൻ സാധിക്കത്തക്കവിധം വേണ്ടത്ര അധ്യാപകർക്കു് മാർഗ്ഗദർശനപരിശീലനം നല്കുന്നതാണു്.

എന്താണു് ഈ കരിയർ മാസ്റ്റർമാർ നടപ്പാക്കുന്ന പരിപാടി എന്നുകൂടി പറയാം. മുൻപു് സൂചിപ്പിച്ചപോലെ വ്യക്തിപരപ്രശ്നങ്ങളും പഠനപര പ്രശ്നങ്ങളും തല്ക്കാലം ഒഴിവാക്കിക്കൊണ്ടു് ജീവിതവൃത്തിയെ പ്രധാനമായി ലാക്കാക്കി അവശ്യം വേണ്ട കുട്ടികൾക്കു് അവശ്യം വേണ്ടവിവരങ്ങൾ പൊതുവായി നല്കുകയെന്നതാണു് അവരുടെ ചുമതല. ഈ ചുമതല നിറവേററുവാൻ പലതരത്തിലുള്ള പ്രവർത്തനങ്ങൾ ആകാം.

ഒന്നാമതായി എല്ലാവിദ്യാലയങ്ങളിലും ചെയ്യാവുന്നതു്പ്രവൃത്തിലോകത്തെ സംബന്ധിച്ചും വിദ്യാഭ്യാസലോകത്തെ സംബന്ധിച്ചും ആവുന്നത്ര വിവരങ്ങൾ ശേഖരിച്ചു് സമാഹരിച്ചു് സൂക്ഷി

ക്കുകയാണ്, വിവിധ ജീവിതവൃത്തികളെക്കുറിച്ചും ഉപരിവിദ്യാഭ്യാസക്രമങ്ങളെക്കുറിച്ചും പലതരം പരിശീലനപരിപാടികളെക്കുറിച്ചും ഉള്ള ധാരാളം ഗ്രന്ഥങ്ങളും ലഘുലേഖകളും ലേഖനങ്ങളും ചാർട്ടുകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇവ വാങ്ങി സൂക്ഷിക്കുവാനുള്ള വ്യവസ്ഥകൾ ഇന്ന് വിദ്യാലയങ്ങളിലുണ്ട്. കുട്ടികൾ ഇവ പ്രയോജനപ്പെടുത്തുവാൻ അവസരമുണ്ടാക്കിക്കൊടുക്കുവാൻ കരിയർ മാസ്റ്റർമാരെ നിർദ്ദേശിച്ചിട്ടുണ്ട്, എന്നാൽ എല്ലാകുട്ടികൾക്കും എല്ലാം വായിച്ചു മനസ്സിലാക്കുവാനുള്ള താല്പര്യവും കഴിവും സൗകര്യവുമുണ്ടായില്ലെന്നുവരാം. അതുകൊണ്ട് ഉള്ളവിവരങ്ങൾ കരിയർമാസ്റ്റർ സൗകര്യംപോലെ തല്ക്കാലം ക്ലാസ്സുപീരിയഡുകളിൽ കുട്ടികൾക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. എല്ലാക്ലാസ്സിലും മാർഗ്ഗദർശനത്തിന് മാത്രമായി ആഴ്ചയിൽ ഒരു പീരിയിഡ് വീതമെങ്കിലും നീക്കിവെക്കുവാൻ ശ്രമിച്ചുവരികയാണ്, ഇതുകൂടി സാധിച്ചുകഴിഞ്ഞാൽ വിദ്യാലയങ്ങളിലെ ഇന്നത്തെ മാർഗ്ഗദർശനപരിപാടി കൂടുതൽ പ്രായോഗികവും ഫലപ്രദവുമാകുമെന്നതിന് സംശയമില്ല.

പരിമിതമായ ഈ മാർഗ്ഗദർശനപരിപാടിയോടൊപ്പംതന്നെ പരിപൂർണ്ണമായ ഒരു മാർഗ്ഗദർശനപരിപാടികൂടി നടപ്പാക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സർവംകഷമായ ഈ മാർഗ്ഗദർശനപരിപാടിപ്രകാരം വിദ്യാർത്ഥികൾക്ക് എല്ലാത്തരം പ്രശ്നങ്ങളിലും അനുസ്യൂതമായ മാർഗ്ഗദർശനം ലഭിക്കുന്നതാണ്. പൊതുവായി വിവരങ്ങൾ നല്കുകമാത്രമല്ല ഓരോകുട്ടിക്കും പ്രത്യേകം പ്രത്യേകം മാർഗ്ഗദർശനം നൽകുകകൂടി ഈ പരിപാടിയിൽ ഉൾപ്പെടും. സാന്ദ്രവും നിസ്തന്ദ്രവുമായ ഈ ഉപദർശനപരിപാടിയുടെ ചുമതല ഒരു കൊല്ലത്തെയെങ്കിലും പൂർണ്ണപരിശീലനം നേടിയ വിദഗ്ദ്ധരായ സ്കൂൾ കൗൺസലർമാരിൽ നിക്ഷിപ്തമായിരിക്കും. അനുദിനാധ്യാപനത്തിന്റെ കെട്ടുപാടുകളിൽനിന്ന് വിട്ട് അകന്നുനിന്ന് പൂർണ്ണസമയവും ഈ പരിപാടിക്കുവേണ്ടി വിനിയോഗിക്കുവാൻ നിയുക്തരാവുന്ന 200 കൗൺസലർമാർക്കെങ്കിലും അടുത്തപഞ്ചവത്സരപദ്ധതിക്കാലത്ത് പരിശീലനം നല്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. കാലക്രമത്തിൽ എല്ലാസെക്കണ്ടറിവി

ദ്യാലയത്തിലും ഇങ്ങനെയുള്ള കൗൺസലർമാരെ നിയോഗിക്കുവാനും വിദ്യാൎത്ഥികളുടെ ക്ഷേമത്തിനു് അത്യന്തം ഉപകാരപ്രദമായ ഈ ഉപദർശനപരിപാടി ഏർപ്പെടുത്തുവാനും സാധിക്കുമെന്നാണു് പ്രതീക്ഷ.

സെക്കണ്ടറി വിദ്യാലയങ്ങളിൽ മാത്രം മതിയോ മാൎഗ്ഗദർശനം എന്നൊരു ചോദ്യം അവശേഷിക്കുന്നുണ്ടാവാം. വിദ്യാഭ്യാസത്തിന്റെ എല്ലാത്തലങ്ങളിലും, എന്തിനു്, ജീവിതത്തിലുടനീളം ആവശ്യമായ ഒന്നാണു് മാർഗ്ഗദർശനം. സർവ്വകലാശാലയിൽ ഇതിനുള്ള ആരംഭങ്ങൾ ആയിക്കഴിഞ്ഞിട്ടുണ്ടു്. പ്രാഥമികവിദ്യാലയങ്ങളിലും ഇത്തരമൊരു പരിപാടി സമീപ ഭാവിയിൽ ഏർപ്പെടുത്തിത്തുടങ്ങുമെന്നു് പ്രതീക്ഷിക്കുന്നതിൽ തെററില്ല. അതതു് ഘട്ടത്തിലെ പ്രശ്നങ്ങൾ വ്യത്യസ്തങ്ങളായതുകൊണ്ടു് പ്രൈമറി ഘട്ടത്തിലെയും സെക്കണ്ടറിഘട്ടത്തിലെയും പ്രീഡിഗ്രി ഘട്ടത്തിലെയുമെല്ലാം മാൎഗ്ഗദർശനപരിപാടിയുടെ രൂപത്തിലും ഭാവത്തിലും ഉള്ളടക്കത്തിലും ഉദ്ദേശത്തിലും യഥോചിതങ്ങളായ മാററങ്ങൾ അനിവാര്യംതന്നെ. പക്ഷെ അടിസ്ഥാനത്തിലും തത്വത്തിലും വ്യത്യാസം ഒന്നുമില്ല. നമ്മുടെ ഈ ക്ഷേമരാഷ്ട്രത്തിലെ എല്ലാം വിദ്യാൎത്ഥികൾക്കും അവനവന്റെ വ്യക്തിത്വത്തിന്റെ പൂൎണ്ണസാക്ഷാത്കാരത്തിനുതകുന്ന സാഹചര്യം സൃഷ്ടിച്ചു കൊടുക്കുകയും അവക്കു് അനപേക്ഷണീയ സഹായം നല്കുകയും ചെയ്യുകയെന്നതാണു് വിദ്യാഭ്യാസത്തിന്റെയെന്നപോലെ മാർഗദർശനത്തിന്റെയും കാതലായ അംശം.

*R. V. Memorial Press. Tvm.*

*Printed at*

R. V. MEMORIAL PRESS

M. G. ROAD, TRIVANDRUM-1